**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2863** **25-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്ഥലംമാറ്റ മാനദണ്ഡം അനുസരിച്ച് സീനിയർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർമാരാക്കണമെന്ന വ്യവസ്ഥ ഈ വർഷത്തെ സ്ഥലംമാറ്റത്തിൽ പാലിക്കുമോയെന്നറിയിക്കുമോ; | (എ) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 2011 സെപ്റ്റം ബർ മാസം 22 -ാം തീയതിയിലെ ഉത്തരവ് (IA-14710/2011 in Report No. 34 in OP No. 3821/1990(S)) പ്രകാരം അംഗീകരിച്ച തിരുവിതാംകൂർ ദേവസ്വം ബോർഡ് എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെ സ്ഥലം മാറ്റങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങളിൽ സീനിയർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരാക്കണമെന്ന വ്യവസ്ഥയില്ല. |
| (ബി) | അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിൽ ജോലിയിൽ പ്രവേശിച്ച് ഒരു വർഷം എ.ഒ. അടുത്തവർഷം ഹെഡ് ഓഫീസിലെ അസിസ്റ്റന്റ് കമ്മീഷണർ അടുത്തവർഷം വീണ്ടും എ.ഒ. എന്നിങ്ങനെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അട്ടിമറിച്ച് ഗ്രൂപ്പ് എ.സി. തസ്തികയിൽ നാളിതുവരെ ജോലി നോക്കാത്തവരെ ഈ വർഷത്തെ സ്ഥലംമാറ്റത്തിൽ മാനദണ്ഡപ്രകാരം ഗ്രൂപ്പ് എ.സി. മാർ ആക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ? | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ തൻവർഷത്തെ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലെ സ്ഥലം മാറ്റം നടപ്പിലാക്കിയിട്ടുള്ളതാണ്. സ്ഥലംമാറ്റ മാനദണ്ഡവും ഭരണപരമായ സൗകര്യവും കണക്കിലെടുത്താണ് സെലക്ഷൻ തസ്തികകളിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനം എടുത്തുവരുന്നത്. |

സെക്ഷൻ ഓഫീസർ